ഫയൽ നം : എ3/185/2023-ടി.സി.(ii) തീയതി : 03-12-2024

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് ,
തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
തിരുവനന്തപുരം

സ്വീകർത്താവ്

**എല്ലാ ഓഫീസ് മേധാവികൾക്കും**

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - ഉദ്യോഗസ്ഥരുടെ തിരിച്ചറിയൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള സർവ്വീസ് സംബന്ധമായ രേഖകൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടത് – സംബന്ധിച്ച്.

സൂചന :- 08.10.2024 ലെ കേരളാ പി.എസ്.സി. സെക്രട്ടറിയുടെ AA VW I(1)/4/2020-KPSC നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരളാ പി.എസ്.സി ഉദ്യോഗസ്ഥർക്ക് നൽകുന്ന തിരിച്ചറിയൽ രേഖകളായ സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഒറ്റത്തവണ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട രേഖകൾ വരെ നഷ്ടപ്പെട്ടിട്ടുള്ളതായി വിവിധ സേവനങ്ങൾ ക്കായി ആസ്ഥാന കാര്യാലയത്തിലേക്ക് ഉദ്യോഗസ്ഥരുടെ സേവനപുസ്തകം ലഭിക്കുന്ന വേളയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് പോലുള്ള പ്രധാനപ്പെട്ട രേഖകൾ നഷ്ടപ്പെട്ടാൽ ഒരു ഉദ്യോഗസ്ഥന്റെ പ്രൊബേഷൻ, പ്രൊമോഷൻ, ഹയർഗ്രേഡ് ഉൾപ്പെടെയുള്ള സർവ്വീസ് ആനുകൂല്യങ്ങൾ തടസ്സപ്പെടുന്നതാണ്. ടി രേഖകളുടെ ഡ്യൂപ്ലിക്കറ്റ് പകർപ്പ് നൽകുവാൻ നിലവിലെ നിയമപ്രകാരം സാധ്യമല്ലെന്ന് കേരളാ പി.എസ്.സി സൂചന പ്രകാരം അറിയിച്ചി ട്ടുള്ളതാണ്. ആകയാൽ മേലിൽ ഇത്തരം പ്രധാനപ്പെട്ട രേഖകൾ നഷ്ടപ്പെടാതിരിക്കാൻ ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ, ആയതിന്റെ സൂപ്പർവിഷനിലുള്ള ഉദ്യോഗസ്ഥൻ, ഓഫീസ് മേധാവി എന്നിവർ സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്. വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

Radha P M
SENIOR ADMINISTRATIVE OFFICER
മോട്ടോർ വാഹന വകുപ്പ്, കേരളം

Signed by
Radha.p.m
Date: 03-12-2024 22:59:01